# STD - IX

## അദ്ധ്യാപക സഹായി

## പാഠം – രണ്ട് സഭയും അപ്പസ്തോലന്മാരും ഭാഗം – ഒന്ന്

### ലക്ഷ്യം

അപ്പസ്തോലന്മാർ യേശുവിനാൽ വിളിക്കപ്പെട്ടവരും അയയ്ക്കപ്പെട്ടവരുമാണ്. കത്തോലിക്കാസഭയുടെ കേന്ദ്രമാണ് റോം. വി. പത്രോസ് അപ്പസ്തോലന്റെ പിൻഗാമിയായ പാപ്പയെ ഞാൻ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യും.

### പഠനസഹായികൾ

* വി. പത്രോസ് അപ്പസ്തോലന്റെ ചിത്രം, ഫ്രാൻസിസ് പാപ്പയുടെ ചിത്രം.
* അപ്പസ്തോലന്മാരുടെ പേരെഴുതിയ ചാർട്ട്/ഗാനം.
* അപ്പസ്തോലന്മാരുടെ ദൗത്യം എഴുതിയ ചാർട്ട്,
* റോം (St. Peter Square Bascilica) ചിത്രം.

### പാഠത്തിന്റെ ഉള്ളടക്കം

* യേശുവിന്റെ വിമോചന പ്രഖ്യാപനത്തിന്റെ കാതൽ
* അപ്പസ്തോലന്മാരുടെ വിളിയും തെരഞ്ഞെടുപ്പും
* സഭാ കുടുംബത്തിന്റെ തലവനായ വി. പത്രോസ്
* പത്രോസിന്റെ രക്തസാക്ഷിത്വം
* റോം കത്തോലിക്കാ സഭയുടെ സിരാകേന്ദ്രം
* കാതോലിക ലേഖനങ്ങൾ
* യേശു പത്രോസിന് സഭയുടെ മേൽ അധികാരം നൽകി (പാറയായ പത്രോസ്)

### പ്രാർത്ഥന

ശ്ലീഹന്മാരെ ശക്തിപ്പെടുത്തിയ പരിശുദ്ധാത്മാവേ ഞങ്ങളുടെ ജീവിതയാത്രയിൽ പരിശുദ്ധാത്മാവിന്റെ വരദാനങ്ങളാൽ നിറഞ്ഞ് ക്രിസ്തുവിന് സാക്ഷ്യം നൽകാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.

### ചോദ്യങ്ങൾ

1. യേശുവിന്റെ പ്രബോധനത്തിന്റെ ലക്ഷ്യം, ദൗത്യം അപ്പസ്തോലന്മാർ തിരിച്ചറിഞ്ഞത് എങ്ങനെ?

2. യേശു അപ്പസ്തോലന്മാരെ തെരഞ്ഞെടുത്തത് എന്തിന്?

3. മത്തിയാസിനെ തെരഞ്ഞെടുക്കാൻ മുൻകൈയെടുത്തത് ആര്?

4. പത്രോസ് അപ്പസ്തോലൻ രക്തസാക്ഷിത്വം വരിച്ചത് ആരുടെ മതപീഡനകാലത്താണ്?

5. പത്രോസ് എന്ന പേരിന്റെ അർത്ഥം?

# STD - IX

## അദ്ധ്യാപക സഹായി

## പാഠം - രണ്ട്   സഭയും അപ്പസ്തോലന്മാരും  ഭാഗം - രണ്ട്

### ലക്ഷ്യം

യഹൂദരുടെ ഇടയിൽ സുവിശേഷം പ്രസംഗിക്കാൻ വി. പത്രോസിനെയും വിജാതീയരുടെ ഇടയിൽ സുവിശേഷം പ്രസംഗിക്കുവാൻ വി. പൗലോസിനെയും തെരഞ്ഞെടുത്ത കർത്താവ് എനിക്ക് ചുറ്റുമുള്ളവരുടെ ഇടയിൽ സുവിശേഷം പ്രസംഗിക്കാൻ എന്നെ തെരഞ്ഞെടുത്തിരിക്കുന്നു.

### പഠനസഹായി

* സാവൂളിന്റെ ചിത്രം, വി. പൗലസ് അപ്പസ്തോലന്റെ ചിത്രം
* പൗലോസ് അപ്പസ്തോലന്റെ പ്രേഷിത യാത്ര, സഹയാത്രികർ, സന്ദർശിച്ച സ്ഥലങ്ങൾ എന്നിവയുടെ ചാർട്ട്
* പൗലോസ് അപ്പസ്തോലൻ എഴുതിയ 13 ലേഖനങ്ങൾ 4 വിഭാഗങ്ങളായി തരംതിരിച്ച ചാർട്ട്.
* വചനം - 1 കൊറി. 9:16

### പാഠത്തിന്റെ ഉള്ളടക്കം

* സാവൂളിന്റെ ജനനം, ശിഷ്യത്വം
* യേശുവിനോടുള്ള സാവൂളിന്റെ മനോഭാവം
* ക്രിസ്ത്യാനികൾക്കെതിരെയുള്ള സാവൂളിന്റെ പീഡനം
* സാവൂളിന്റെ മാനസാന്തര കഥ (സാവൂൾ പൗലോസായി മാറുന്നത്)
* വിജാതീയരുടെ അപ്പസ്തോലൻ
* പൗലോസിന്റെ പ്രേഷിത യാത്രകൾ
* പൗലോസിന്റെ ലേഖനങ്ങൾ
* നാം ക്രിസ്തുവിന്റെ അപ്പസ്തോലൻമാർ
* സുവിശേഷം പ്രസംഗിച്ചില്ലെങ്കിൽ എനിക്ക് ദുരിതം.

### പ്രാർത്ഥന

സാവൂളിനെ മാനസാന്തരപ്പെടുത്തിയ കർത്താവേ, മാനസാന്തര അനുഭവത്തിലൂടെ

അങ്ങയെ അറിയുവാനും ജീവിതം വഴി അങ്ങയെ പ്രഘോഷിക്കുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ.

## ചോദ്യങ്ങൾ

1. സാവൂൾ തന്റെ ബാല്യകാലത്ത് സ്വാധീനിച്ചതും പഠിച്ചതും എന്തെല്ലാം കാര്യങ്ങളായിരുന്നു?
2. സാവൂൾ എന്തുകൊണ്ട് യേശുവിനെ മിശിഹായായി കണ്ടില്ല?
3. ഏത് കാലഘട്ടത്തിലാണ് പൗലോസ് 3 പ്രേഷിതയാത്രകൾ നടത്തിയത്?
4. ഒന്നാം പ്രേഷിതയാത്രയിൽ പൗലോസിന്റെ സഹയാത്രികർ ആരെല്ലാമായിരുന്നു?
5. അപ്പസ്തൊളോസ് എന്ന വാക്കിന്റെ അർത്ഥം?